**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** — **09-06-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri Saji Cherian**<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവന്നിരുന്ന ഭവന പദ്ധതി ഇപ്പോൾ നിർത്തിവച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത ഭവന പദ്ധതിയ്ക്കായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | എ)ഭൂമിയുള്ള ഭവനരഹിതർ 1. ഭവന രഹിതരോ വാസയോഗ്യമായ ഭവനമില്ലാത്തവരോ ആയിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി ഒഴികെയുള്ള വിഭാഗത്തിന് ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റകുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. നിലവിൽ റേഷൻ കാർഡ് ഉള്ള കുടുംബം, ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനം ഇല്ലാത്തവരും ആകണം 2. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയി അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. 3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. 4. പട്ടികജാതി/ പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി ഒഴികെയുള്ള വിഭാഗത്തിന് ഗ്രാമപഞ്ചായത്തുകളിൽ 25 സെൻറിലോ/ മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെൻറിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. 5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലു ചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. 6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്. 7. ജീർണ്ണിച്ചതും, അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ |

| | | | |
|---|---|---|---|
| | | | (മൺഭിത്തി/കടൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോട്ട കൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ (എ വിഭാഗത്തിൽ പരിഗണിക്കാം) നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപന എൻജിനിയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്. ബി) ഭൂരഹിതർ മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെ പറയുന്ന മാനദണ്ഡങ്ങൾ കൂടി പരിഗണിക്കണം. 1. സ്വന്തമായി ഭൂമി ഇല്ലാത്തവർ 2. റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമി ഇല്ലാത്തവർ 3. റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിൽ കൂടി 3 സെന്റിൽ കുറവ് ഭൂമി ഉള്ളവർ |
| (സി) | പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് സർക്കാർ മുൻകൈ എടുക്കുമോ; | (സി) | മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കിവന്നിരുന്ന ഭവന പദ്ധതി നിർത്തിവച്ചിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഈടും ഉറപ്പുമുള്ള ഭവനം ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ? | (ഡി) | തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന പുനർഗേഹം പദ്ധതിയും, 50 മീറ്ററിന് പുറത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ലൈഫ് പദ്ധതി വഴിയും ഭവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ